## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5545.** **25.10.2011 ൽ മറുപടിക്ക്**

**വർക്കുകൾ പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജി. സുധാകരൻ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി)** |
| (എ) സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ യഥാസമയം അവ പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരുടെ ഭാഗത്തുള്ള വീഴ്ചമൂലം പ്രവൃത്തികൾ യഥാസമയം പൂർത്തിയാകാതിരുന്നാൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയശേഷം ദീർഘിപ്പിച്ചു നൽകുന്ന കാലാവധിക്കുള്ളിലും പൂർത്തിയാക്കാത്ത കരാറുകൾ റദ്ദു ചെയ്യുന്നതിനും, പ്രവൃത്തി, കരാറുകാരന്റെ സ്വന്തം നഷ്ടത്തിലും ഉത്തരവാദിത്വത്തിലും പുന:ക്രമീകരിച്ച് പൂർത്തിയാക്കുന്നതിനുമുള്ള വ്യവസ്ഥകൾ നിലവിൽ കരാർ ഉടമ്പടികളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.അതനുസരിച്ച് കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പണികൾ ചെയ്യുന്ന എത്ര കരാറുകാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (ബി) .പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽപ്പെട്ട ആലപ്പുഴ ടൗണിലെ ഇരുമ്പുപാലത്തിന്റെ വൈഡനിംഗ് ജോലിയുമായി ബന്ധപ്പെട്ട് കരാറുകാരൻ ശ്രീ.പി.ശ്യാമിനെതിരെ നടപടികൾ കൈക്കൊള്ളുകയും ടിയാന്റെ റിസ്ക് & കോസ്റ്റിൽ പുതിയ കരാറുപയോഗിച്ച് പ്രവൃത്തി പൂർത്തിയാക്കുവാനും തീരുമാനിച്ചിരുന്നു. എന്നാൽ ബഹു.കേരള ഹൈക്കോടതിയിൽ ടിയാൻ ഫയൽ ചെയ്ത WP(c) No.18314/2011 പ്രകാരം ശ്രീ.പി.ശ്യാമിനുകൂലമായ വിധിയുണ്ടാകുകയും അതിൻ പ്രകാരം പ്രസ്തുത പ്രവൃത്തി ഇപ്പോൾ ധൃതഗതിയിൽ നടന്നു കൊണ്ടിരിക്കുകയുമാണ്. |

| | | | |
|---|---|---|---|
| (സി) | പണികൾ യഥാസമയം പൂർത്തി യാക്കാതെ അനന്തമായി നീട്ടി ക്കൊണ്ടുപോകുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താ റുണ്ടോ; ഇതിനുള്ള നടപടിക്രമ ങ്ങൾ എന്തെല്ലാമാണ് ? | (സി) | ഉണ്ട്. ഏറ്റെടുത്ത പണികൾ പൂർത്തിയാക്കാതെ അനന്ത മായി നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരെ എഗ്രിമെന്റ് വച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണം ലൈസൻസ് നൽകിയിട്ടുള്ള ഉദ്യോഗസ്ഥൻ കരിമ്പട്ടികയിൽപ്പെടുത്തുകയും അവരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുകയും അവർമൂലം സർക്കാരിന് ഉണ്ടായിട്ടുള്ള കഷ്ട നഷ്ടങ്ങൾ തിരിച്ച് പിടിക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരി-ക്കുകയും ചെയ്യുന്നു. കൂടാതെ ഈ കരാറുകാരെ പുതിയ ടെണ്ടർ സമർപ്പിക്കാൻ കഴിയാത്ത തരത്തിൽ കരമ്പട്ടികയിൽ പ്പെടുത്തി അയോഗ്യരാക്കുന്നതു-മാണ്. |

സെക്ഷൻ ഓഫീസർ